ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 15.10.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി പ്രഖ്യാപനത്തിനുള്ള അന്തിമഘട്ട ചർച്ചകൾ ഊർജ്ജിതമാക്കി രാഷ്ട്രീയപാർട്ടികൾ ; എൻഡിഎ പ്രചാരണത്തിന് പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി ഇന്ന് തുടക്കം കുറിക്കും.

   **Prime Minister Narendra Modi to interact with BJP's booth level workers today the launching party's campaign for Bihar Assembly Elections.**

2. **CSIR- NIIST** യുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു.

   **The Union Minister of State Jitendra Singh, inaugurated the Golden Jubilee Grand finale celebration of the CSIR–National Institute for Interdisciplinary Science and Technology in Thiruvananthapuram.**

3. ദേശീയ തലസ്ഥാന മേഖലയിലെ ദീപാവലി ആഘോഷങ്ങളിൽ ഹരിത പടക്കങ്ങളുടെ ഉപയോഗത്തിന് അനുമതി നൽകി സുപ്രീംകോടതി.

   **The Supreme Court today in a judgment permitted the sale and bursting of firecrackers in the Delhi-NCR region between October 18 and 21, limiting the timings to 6-7 am and 8-10 pm.**

4. റെയിൽവേ ആധുനികവത്കരണത്തിന് കേന്ദ്രസർക്കാർ കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ വളരെയേറെ പ്രാധാന്യം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്

**Union Railways Minister Ashwini Vaishnaw said that in the last eleven years, Prime Minister Narendra Modi has put strong focus on railways' modernisation.**

5. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിലേക്ക് ഏഴാംതവണയും തിരഞ്ഞെടുക്കപ്പെട്ട് ഇന്ത്യ.

**India has been elected unopposed to the Human Rights Council for the seventh time for three-year term starting next year .**

6. രഞ്ജി ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ കേരളം മഹാരാഷ്ട്രയെ നേരിടുന്നു.

**In Ranji Trophy Test Cricket, Kerala takes on Maharashtra.**

******************************

## BIHAR ELECTION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി പ്രഖ്യാപനത്തിനുള്ള അന്തിമഘട്ട ചർച്ചകൾ ഊർജ്ജിതമാക്കി മുന്നണികൾ. 71 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക ബിജെപി ഇന്നലെ പുറത്തിറക്കി. എൻ ഡി എയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. പാർട്ടിയുടെ ബൂത്ത് തല പ്രവർത്തകരുമായി അദ്ദേഹം സംവദിക്കും. മഹാസഖ്യത്തിൻറെ സ്ഥാനാർത്ഥി നിർണയ ചർച്ചകൾ ഇന്ന് പൂർത്തിയായേക്കും. സീറ്റ് വിഭജനത്തിൽ ഏകദേശ ധാരണ കൈവന്നതായി കോൺഗ്രസ് വ്യക്തമാക്കി. 40 സ്ഥാനാർത്ഥികളുടെ പട്ടിക ബി.എസ്.പിയും, ആറ് സ്ഥാനാർത്ഥികളുടെ പേരുകൾ സിപിഐയും പ്രഖ്യാപിച്ചു.. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ് വോട്ടെണ്ണൽ.

******************************

## PM-ANDHRA PRADESH

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ആന്ധ്രാപ്രദേശ് സന്ദർശിക്കും. കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദഹം രാജ്യത്തിന് സമർപ്പിക്കും. റോഡ്, റെയിൽവേ , ഊർജ്ജവിതരണം, വ്യവസായം, പ്രതിരോധ നിർമാണം തുടങ്ങിയ മേഖലകളിലെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിക്കുക. ശ്രീശൈലത്തെ ശ്രീ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്തും അദ്ദേഹം ദർശനം നടത്തും.

******************************

## JITENDRA SINGH CSIR (INTRO)

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയുടെ ചാലക ശക്തിയാകാനുള്ള ശേഷി CSIR-NIIST യ്ക്ക് ഉണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. കേരളത്തെ ഇന്ത്യയുടെ ഭാവി സാമ്പത്തിക കുതിപ്പിന് നേതൃത്വം നൽകുന്ന നാടാക്കി മാറ്റുമെന്ന് ഈ സ്ഥാപനം വാഗ്ദാനം നൽകുന്നതായും അദ്ദേഹം പറഞ്ഞു. CSIR- NIIST യുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ കാര്യത്തിലും സർക്കാരിനെ ആശ്രയിക്കാതെ, സ്വയം മുന്നേറുന്ന തലത്തിൽ സ്വകാര്യ മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

(വോയിസ്)

CSIR- NIIST യിലെ സുവർണ ജൂബിലി ഇന്നൊവേഷൻ സെൻറർ, നോഡൽ-ഹബ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് ലബോറട്ടറി എന്നിവയുടെ ഉദ്ഘാടനവും കേന്ദ്ര സഹമന്ത്രി നിർവഹിച്ചു.

******************************

## SC–FIRECRACKERS

ഡൽഹി-ദേശീയ തലസ്ഥാന മേഖലയിലെ ദീപാവലി ആഘോഷങ്ങളിൽ ഹരിത പടക്കങ്ങളുടെ ഉപയോഗത്തിനും വിൽപനയ്ക്കും അനുമതി നൽകി സുപ്രീംകോടതി. ഈ മാസം 18 മുതൽ 21 വരെയുള്ള തീയതികളിൽ രാവിലെ ആറ് മുതൽ ഏഴ് വരെയും, രാത്രി 8 മുതൽ 10 വരെയുമാണ് ഉപയോഗത്തിന് അനുമതി. ആഘോഷ കാലയളവിലെ മലിനീകരണ തോത് നിരീക്ഷിക്കാൻ ദേശീയ മലിനീകരണ നിയന്ത്രണ ബോർഡിന് കോടതി നിർദ്ദേശം നൽകി. മുൻകൂട്ടി അനുവദിച്ച കേന്ദ്രങ്ങളിൽ നിന്നു മാത്രമേ വിൽപന പാടുള്ളൂ എന്നും, ഹരിത പടക്കങ്ങളുടെ ക്യൂ.ആർ കോഡുകൾ ഔദ്യോഗിക വെബ്സൈറ്റിൽ രേഖപ്പെടുത്തണമെന്നും ഉത്തരവിൽ പറയുന്നു. സുപ്രീംകോടതി ഉത്തരവിനെ ഡൽഹി സർക്കാർ സ്വാഗതം ചെയ്തു.

*****************************

## VAISHNAW – CII

കേന്ദ്രസർക്കാർ കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ റെയിൽവേ ആധുനികവത്കരണത്തിന് വളരെയേറെ പ്രാധാന്യം നൽകിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് . 16-ാമത് അന്താരാഷ്ട്ര റെയിൽവേ ഉപകരണ പ്രദർശനം-2025, ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. റെയിൽവേ നവീകരണം ദ്രുതഗതിയിലാക്കാൻ പ്രതിവർഷം രണ്ട് ലക്ഷത്തി 56 ആയിരം കോടി രൂപ റെയിൽവേ നിക്ഷേപിക്കുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി. കയറ്റുമതിരംഗത്തും റെയിൽവേ ശ്രദ്ധേയമായ വിധത്തിൽ ഉയർന്നുവരുന്നതായി, ആഫ്രിക്കയിലേക്കുള്ള ലോക്കോമോട്ടീവ് കയറ്റുമതിയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്)

******************************

## PRESIDENT KERALA

രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 ന് കേരളത്തിലെത്തും. തിരുവനന്തപുരത്ത് രാഷ്ട്രപതിക്ക് ഔദ്യോഗിക സ്വീകരണം നൽകും. 22 ന് ശ്രീമതി മുർമു ശബരിമല സന്ദർശിക്കും. 23 ന് തിരുവനന്തപുരത്തും, കോട്ടയത്തും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും. 24 ന് എറണാകുളം സെൻറ് തെരേസാസ് കോളേജ് ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത ശേഷം വൈകുന്നേരത്തോടെ രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

******************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

**(ബ്രേക്ക്)**

******************************

## RAJNATH – EX SERVICEMEN

വിരമിച്ച സൈനികർക്കും, ആശ്രിതർക്കുമുള്ള വിവിധ ധനസഹായങ്ങളിൽ നൂറ് ശതമാനം വർദ്ധനയ്ക്ക് അനുമതി നൽകി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. പെന്യൂറി ഗ്രാൻറ് നാലായിരത്തിൽ നിന്നും 8,000 രൂപയായി വർദ്ധിപ്പിച്ചു. പെൻഷൻകാരല്ലാത്ത വിഭാഗത്തിലുള്ള വിരമിച്ച സൈനികർക്കും, വിധവകൾക്കുമാണ് ഇത് നൽകിവരുന്നത്. വിദ്യാഭ്യാസ ഗ്രാൻറ് ആയിരത്തിൽ നിന്നും രണ്ടായിരമായും, വിവാഹ ഗ്രാൻറ് അൻപതിനായിരത്തിൽ നിന്നും ഒരു ലക്ഷമായും ഉയർത്തി. നവംബർ 1 മുതൽ പുതുക്കിയ ആനുകൂല്യം പ്രാബല്യത്തിൽ വരും.

******************************

## PM – KALAM BIRTH ANNIVERSARY (INTRO)

മുൻ രാഷ്ട്രപതിയും പ്രശസ്ത ശാസ്ത്രജ്ഞനുമായ ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. യുവജനങ്ങളെ പ്രചോദിപ്പിക്കുകയും, വലിയ സ്വപ്നങ്ങൾ കാണാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്ത മഹാനായ വ്യക്തിയായിരുന്നു ഡോ. എ.പി.ജെ അബ്ദുൾ കലാം എന്ന് സമൂഹമാധ്യമ സന്ദേശത്തിൽ പ്രധാനമന്ത്രി പറഞ്ഞു. വിജയത്തിന് എളിമയും കഠിനാധ്വാനവും അനിവാര്യമാണെന്ന് അദ്ദേഹത്തിന്റെ ജീവിതം ഓർമ്മിപ്പിക്കുന്നതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(വോയിസ്)

******************************

## V. SIVANKUTTY

കൊച്ചിയിൽ സ്വകാര്യ സ്കൂളിൽ ഹിജാബ് ധരിച്ചെത്തിയ കുട്ടിയെ പുറത്ത് നിർത്തിയ സംഭവം ചട്ട വിരുദ്ധമാണെന്ന് ഡിഡിഇ റിപോർട്ട് നൽകിയതായി മന്ത്രി വി. ശിവൻകുട്ടി. സ്കൂൾ മാനേജ്മെന്റിനോട് ഇത് സംബന്ധിച്ച് വിശദീകരണം തേടിയിട്ടുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങളും കോടതി വിധികളിലും മുൻനിർത്തി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവൃത്തിക്കണമെന്ന നയമാണ് സർക്കാരിനുള്ളതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ജനപ്രതിനിധികളുടെ ഉൾപ്പെടെയുള്ള ഇടപെടലിന്റെ ഭാഗമായി. വിഷയത്തിൽ സ്കൂൾതലത്തിൽ സമവായം ഉണ്ടായെന്നാണ് നിലവിൽ വിവരം ലഭിക്കുന്നതെന്നും സർക്കാരും ഈ സമവായം അംഗീകരിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

******************************

## JOB FRAUD - CBI

ഓൺലൈൻ ജോലി തട്ടിപ്പ് കേസിൽ കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ വ്യാപക റെയ്ഡ് നടത്തി സിബിഐ. "ഓപ്പറേഷൻ ചക്ര V " എന്ന ദൗത്യത്തിലൂടെ ഇന്നലെ മൂന്ന് പേരെ അറസ്റ്റ് ചെയ്തു. ഓൺലൈൻ തട്ടിപ്പിലൂടെ ആയിരക്കണക്കിന് ആളുകളിൽ നിന്ന് കോടിക്കണക്കിന് രൂപ തട്ടിയെടുത്തതായാണ് പരാതി.

******************************

## REV. INDIA-UN HRC ELECTED

ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ കൗൺസിലിലേക്ക് ഇന്ത്യ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. 2026 മുതൽ മൂന്ന് വർഷത്തേക്കാണ് കാലാവധി. ഏഴാം തവണയാണ് ഇന്ത്യ ഈ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത് . 47 അംഗങ്ങളാണ് യുഎൻ മനുഷ്യാവകാശ കൗൺസിലിലുള്ളത്.

******************************

## RENJI TROPHY

രഞ്ജി ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ഗ്രൂപ് ബി യിൽ, കേരളം മഹാരാഷ്ട്രയെ നേരിടുന്നു. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൻറെ ആദ്യ ദിനത്തിൽ ടോസ് നേടിയ കേരളം മഹാരാഷ്ട്രയെ ബാറ്റിങിനയച്ചു. ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ മഹാരാഷ്ട്ര 5 വിക്കറ്റ് നഷ്ടത്തിൽ 81 റൺസ് എന്ന നിലയിലാണ്.

******************************

## PARA-POWELIFT-BRONZE

ഈജിപ്തിലെ കെയ്റോയിൽ നടന്ന പാരാ പവർലിഫ്റ്റിംഗ് വേൾഡ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് വേണ്ടി മലയാളിയായ ജോബി മാത്യു

വെങ്കല മെഡൽ നേടി. 65 കിലോഗ്രാം ലെജൻഡ് (മാസ്റ്റേഴ്സ്) വിഭാഗത്തിലാണ് മെഡൽനേട്ടം.

******************************

## RAIN – KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തിപ്രാപിക്കും. 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണ് മുന്നറിയിപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 18 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി വരെ തിരുവനന്തപുരം, കൊല്ലം തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

*************************************************************************************************************